(ബി) എങ്കിൽ അവ എന്തൊക്കെയാണ് ;

(സി) ഇതിൻമേൽ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ് ;

(ഡി) ഇതിൽ ഏതൊക്കെയാണ് സർക്കാർ നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജയിൽ പരിഷ്കാര കമ്മിറ്റി നിലവിലില്ല.

(ബി—ഡി) ചോദ്യം ഉദിക്കുന്നില്ല.

ജയിലുകളെ സംബന്ധിച്ച റിപ്പോർട്ട്

31 [833] ശ്രീ. എം. എ. വാഹീദ് :

„ കെ. മോഹൻകുമാർ :

„ ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജയിലുകളുടെ അവസ്ഥയെപ്പറ്റി 2005-ൽ എപ്പോഴെല്ലാം ഗവൺമെന്റിന് റിപ്പോർട്ട് കിട്ടിയിട്ടുണ്ട് ;

(ബി) ഈ റിപ്പോർട്ട് അനുസരിച്ച് ഏതെല്ലാം ജയിലുകളിൽ അനധികൃത പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മേയ് മാസത്തിലും നവംബർ മാസത്തിലുമായി ഓരോ റിപ്പോർട്ട് വീതം കിട്ടിയിട്ടുണ്ട്.

(ബി) കണ്ണൂർ സെൻട്രൽ ജയിലിലും കോഴിക്കോട് ജില്ലാ ജയിലിലും അനധികൃത പ്രവർത്തനങ്ങൾ നടക്കുന്നതായി അറിവായിട്ടുണ്ട്.

മഞ്ചേരിയിലെ കുടുംബ കോടതി

32 [835] ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരിയിൽ വർഷങ്ങളായി സ്ഥിതിചെയ്യുന്ന കുടുംബ കോടതി മലപ്പുറത്തേക്ക് മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) വളരെ പിന്നോക്കം നിൽക്കുന്ന വഴിക്കടവ്, കാളികാവ് തുടങ്ങിയ പ്രദേശങ്ങളിലെ സഹോദരിമാർക്ക് ഇതുമൂലം യാത്രാചെലവ് വർദ്ധിക്കുകയും മറ്റ് ബുദ്ധിമുട്ടുകൾ അനുഭവിക്കുകയും ചെയ്യുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മഞ്ചേരി സിവിൽ സ്റ്റേഷനിൽ കൂടുതൽ സ്ഥല സൗകര്യങ്ങളുണ്ടായിരിക്കെ, മഞ്ചേരിയിലെ കുടുംബ കോടതി മലപ്പുറത്തേക്ക് മാറ്റാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ കാരണം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മഞ്ചേരിയിലെ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന കുടുംബ കോടതി മലപ്പുറത്തെ സർക്കാർ കെട്ടിടത്തിലേക്ക് മാറ്റുന്നതിന് ഹൈക്കോടതി നൽകിയ ശുപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ബഹുമാനപ്പെട്ട ഹൈക്കോടതി പരിഗണിച്ചതിനുശേഷമാണ് സർക്കാരിലേക്ക് ശുപാർശ നൽകിയത്. നിലവിൽ കോടതി സ്ഥിതിചെയ്യുന്ന സ്ഥലത്തുനിന്നും പന്ത്രണ്ട് കിലോമീറ്റർ അകലെയാണ് മാറ്റാൻ തീരുമാനമായത്.

(സി & ഡി) ഇത് സംബന്ധിച്ച് എസ്.എൽ.പി. 25465/05 എന്ന നമ്പറിൽ ഒരു കേസ് സുപ്രീംകോടതിയിൽ നിലവിലുള്ളതിനാൽ കോടതിയുടെ അന്തിമ വിധി വരുന്നതു വരെ കോടതി മാറ്റുന്ന കാര്യം നിറുത്തിവച്ചിരിക്കുകയാണെന്ന് ഹൈക്കോടതി അറിയിച്ചിട്ടുണ്ട്.

വിദേശ-മറുനാടൻ മലയാളികൾക്ക് ഐഡന്റിറ്റി കാർഡ്

33 [839] ശ്രീ. ചെർക്കളം അബ്ദുള്ള :
,, പി. കെ. കെ. ബാവ :
,, സി. മോയിൻകുട്ടി :
,, പി. കെ. അബ്ദുറബ്ബ് :
,, ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശ-മറുനാടൻ മലയാളികൾക്ക് ഐഡന്റിറ്റി കാർഡ് നൽകുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്ത് ;

(ബി) കാർഡ് വിതരണം ചെയ്തുകഴിഞ്ഞോ ;

(സി) ഇല്ലെങ്കിൽ വിതരണം ഏത് രീതിയിലാണ് നടത്താൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ—സി) വിദേശ മലയാളികൾക്കും മറുനാടൻ മലയാളികൾക്കും സംസ്ഥാന സർക്കാരിൽനിന്നും അവർക്ക് ഒരു തിരിച്ചറിയൽ കാർഡ് (സ്മാർട്ട് കാർഡ്) നൽകണമെന്ന ആവശ്യം നോർക്ക വകുപ്പ് സംഘടിപ്പിച്ച 2002-ലെ 'സമവായം' പരിപാടിയിലും 2003-ൽ സംഘടിപ്പിച്ച 'സമന്വയം' പരിപാടിയിലും ഉയർന്നുവന്നിരുന്നു. ഇതിന്റെ വെളിച്ചത്തിൽ പ്രവാസി മലയാളികൾക്ക് ഒരു തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിക്കുകയും ആഗസ്റ്റ് 2005-ൽ സംഘടിപ്പിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly